**File No.SJD/795/2020-E9**

150 YEARS OF CELEBRATING THE MAHATMA

<u>സാമൂഹ്യനീതി ഡയറക്ടറുടെ നടപടി ക്രമങ്ങൾ</u>
(ഹാജർ: ഷീബ ജോർജ്ജ് ഐഎഎസ്)

ഉത്തരവ് നം. SJD/795/2020-E9

തിരുവനന്തപുരം,
തീയതി. 04/05/2020

വിഷയം: സാമൂഹ്യനീതി വകുപ്പ് - ജീവനക്കാര്യം - എക്സിക്യൂട്ടീവ് ഉത്തരവിന്റെ അടിസ്ഥാനത്തിലുള്ള പുന സംഘടന - ഡ്രൈവർ തസ്തികയിൽ 01/02/2020 പ്രാബല്യത്തിലുള്ള ജീവനക്കാരുടെ അന്തിമസീനിയോറിറ്റി ലിസ്റ്റ് പ്രസിദ്ധീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

പരാമർശം :
1.സ.ഉ (കൈ) നം.24/2017/സാനീവ തീയതി 30/6/2017.
2.സ.ഉ (കൈ) നം.23/2018/സാനീവ തീയതി 07/10/2018.
3.സ.ഉ (അച്ചടി) നം.10/2019 /സാനീവ തീയതി 21/10/2019.
4.സാമൂഹ്യനീതി ഡയറക്ടറുടെ 21/01/2020 ലെ Spl Cell-01/2019 നമ്പർ നടപടിക്രമങ്ങൾ
5. സാമൂഹ്യനീതി ഡയറക്ടറുടെ 03/03/2020 ലെ SJD/795/2020-E9 നമ്പർ നടപടിക്രമങ്ങൾ
6.വിവിധ കാര്യാലയ മേധാവികളുടെ അപേക്ഷകൾ.

പരാമർശം (1) പ്രകാരം സ്ത്രീകളുടെയും കുട്ടികളുടെയും ക്ഷേമത്തിനും വികസനത്തിനുമായി സാമൂഹ്യനീതി വകുപ്പ് വിഭജിച്ച് വനിത ശിശു വികസന വകുപ്പ് രൂപീകരിച്ചതിന്റെ അടിസ്ഥാനത്തിൽ സാമൂഹ്യ നീതി വകുപ്പിൽ നിലനിന്നിരുന്ന 3795 തസ്തികകളിൽ 535 തസ്തികകൾ സാമൂഹ്യനീതി വകുപ്പിൽ നിലനിർത്തിയും 3260 തസ്തികകളും പരാമർശം (1) പ്രകാരം സൃഷ്ടിച്ച 24 തസ്തികകളും ഉൾപ്പെടെ 3284 തസ്തികകൾ വനിത ശിശു വികസന വകുപ്പിലേയ്ക്കും അനുവദിച്ച് ഇരു വകുപ്പുകളിലെയും കേഡർ സ്ട്രെങ്ത് നിർണ്ണയിച്ചിരുന്നു. പ്രസ്തുത കേഡർ സ്ട്രെങ്തിന്റെ അടിസ്ഥാനത്തിൽ രണ്ടു വകുപ്പിലെയും ജീവനക്കാരുടെ പുനർവിന്യാസം , നിയമനം, സ്ഥാനക്കയറ്റം എന്നിവയ്ക്കായി വ്യവസ്ഥകൾ നിശ്ചയിച്ച് പരാമർശം (3) പ്രകാരം സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. പ്രസ്തുത ഉത്തരവിലെ നിർദ്ദേശാനുസരണം ജീവനക്കാരെ ഓപ്ഷന്റെ അടിസ്ഥാനത്തിൽ ഇരു വകുപ്പുകളിലുമായി പുനർ വിന്യസിച്ച് പരാമർശം (4) പ്രകാരം ഉത്തരവായിരുന്നു.

2. വകുപ്പ് വിഭജനത്തിനു മുൻപ് സാമൂഹ്യനീതി വകുപ്പിൽ 82 ഡ്രൈവർ തസ്തികകളാണ് നിലനിന്നിരുന്നത്. എന്നാൽ കേഡർ സ്ട്രെങ്ത് നിർണ്ണയിച്ചു കൊണ്ടുള്ള പരാമർശം (2) പ്രകാരമുള്ള ഉത്തരവു പ്രകാരം സാമൂഹ്യനീതി വകുപ്പിലെ ഡ്രൈവർ തസ്തികയിലെ ജീവനക്കാരുടെ കേഡർ സ്ട്രെങ്ത് 11 ആയാണ് നിർണ്ണയിച്ചിട്ടുള്ളത്. ഈ സാഹചര്യത്തിൽ പരാമർശം (4) പ്രകാരം വനിത ശിശു വികസന വകുപ്പിൽ പുനർവിന്യസിക്കപ്പെട്ട ജീവനക്കാരെ ഒഴിവാക്കി സാമൂഹ്യനീതി വകുപ്പിൽ പുനർവിന്യസിക്കപ്പെട്ട ജീവനക്കാരെ മാത്രം ഉൾപ്പെടുത്തി ഡ്രൈവർ തസ്തികയിലെ ജീവനക്കാരുടെ താൽക്കാലിക സീനിയോറിറ്റി ലിസ്റ്റ് പരാമർശം (5) പ്രകാരം പ്രസിദ്ധീകരിക്കുകയും ജീവനക്കാരിൽ നിന്ന് കാര്യാലയമേധാവികൾ മുഖേന ആക്ഷേപം/ പരാതികൾ ക്ഷണിയ്ക്കുകയുമുണ്ടായി. ആയതിന്റ അടിസ്ഥാനത്തിൽ പരാമർശം (6) പ്രകാരമുള്ള ആക്ഷേപങ്ങൾ ലഭ്യമായിട്ടുണ്ട്.

3. പരാമർശം (6) പ്രകാരമുള്ള ആക്ഷേപങ്ങളുടെ അടിസ്ഥാനത്തിൽ എല്ലാ ജീവനക്കാരുടെയും പെൻ നമ്പരും പ്രൊബേഷൻ ഡിക്ലയർ ചെയ്തു സംബന്ധിച്ച വിശദാംശവും അന്തിമ സീനിയോറിറ്റി ലിസ്റ്റൽ ഉൾപ്പെടുത്തിയിട്ടുണ്ട്. അന്തർ ജില്ലാ സ്ഥലംമാറ്റം ലഭിച്ച ജീവനക്കാർക്ക് അഡ്വൈസ് തീയതിയുടെ അടിസ്ഥാനത്തിൽ സീനിയോറിറ്റി നൽകണമെന്ന് താൽക്കാലിക സീനിയറ്റിറി ലിസ്റ്റിലെ ക്രമ നം. 2 ആയി ഉൾപ്പെട്ട ശ്രീ.അനിൽ കുമാർ.റ്റി ആക്ഷേപം ഉന്നയിച്ചിരുന്നു. എന്നാൽ അന്തർ ജില്ലാ സ്ഥലംമാറ്റം ലഭിച്ച് ജോലിയിൽ പ്രവേശിക്കുമ്പോൾ ജീവനക്കാരുടെ സീനിയോറിറ്റി നഷ്ടപ്പെടുമെന്നതിനാൽ KS & SSR Rule 27 A യുടെ അടിസ്ഥാനത്തിൽ ടിയാന്റെ അപേക്ഷ നിരസിക്കുന്നു.

4. ഈ സാഹചര്യത്തിൽ ജി.ഒ (പി) നം. 10/2019/സാനീവ തീയതി 21/10/2019 പ്രകാരമുള്ള എക്സിക്യൂട്ടീവ് ഉത്തരവിന്റെ അടിസ്ഥാനത്തിൽ ജീവനക്കാരെ പുനർവിന്യസിച്ചതിനു ശേഷം 01/02/2020 തീയതി പ്രാബല്യത്തിൽ സാമൂഹ്യനീതി വകുപ്പിൽ നിലവിൽ വന്ന ഡ്രൈവർ തസ്തികയിലെ ജീവനക്കാരുടെ പരാമർശം (5) ലെ താൽക്കാലിക സീനിയോറിറ്റി ലിസ്റ്റിൽ മുൻ ഖണ്ഡിക (3) പ്രകാരമുള്ള ഉൾപ്പെടുത്തലുകൾ കൂടി വരുത്തി അന്തിമമായി അംഗീകരിച്ച് ഇതോടൊപ്പം പ്രസിദ്ധീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഒപ്പ്)
സാമൂഹ്യനീതി ഡയറക്ടർ

ബന്ധപ്പെട്ട ജീവനക്കാർക്ക് ( കാര്യാലയമേധാവി മുഖേന)

പകർപ്പ് :

1. എല്ലാ കാര്യാലയമധാവികൾക്കും
2. സൂപ്രണ്ട്, ഐറ്റി സെക്ഷൻ (വെബ് സൈറ്റ് പ്രസിദ്ധീകരണത്തിന്)
3. സാമൂഹ്യനീതി ഡയറക്ടറുടെ സി.എ യ്ക്ക്
4. ഇ 4 സീറ്റ്
5. സ്റ്റോക്ക് ഫയൽ/ ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സൂപ്രണ്ട്

**ജി.ഒ (പി) നം.10/2019/സാനീവ തീയതി 21/10/2019 പ്രകാരമുള്ള എക്സിക്യൂട്ടീവ് ഉത്തരവിന്റെ അടിസ്ഥാനത്തിൽ കേഡർ സ്ട്രെങ്ത് പ്രകാരം ഡ്രൈവർ തസ്തികയിലെ ജീവനക്കാരെ പുനർ വിന്യസിച്ച ശേഷം 01/02/2020 തീയതി പ്രാബല്യത്തിൽ സാമൂഹ്യനീതി വകുപ്പിൽ നിലവിൽ വന്ന ഡ്രൈവർ തസ്തികയിലെ ജീവനക്കാരുടെ അന്തിമ സീനിയോറിട്ടി ലിസ്റ്റ്**

| റാങ്ക് നം. | പേര് | ജനന തീയതി | വിദ്യാഭ്യാസ യോഗ്യത | | പി.എസ്.സി അഡ്വൈസ് നമ്പരും തീയതിയും/ നിയമന ഉത്തരവ് നമ്പരും തീയതിയും | ജോലിയിൽ പ്രവേശിച്ച തീയതി | പ്രൊബേഷൻ ഡിക്ലയർ ചെയ്ത പ്രാബല്യതീയതിയും ഉത്തരവ് നമ്പരും | അഭിപ്രായം |
|---|---|---|---|---|---|---|---|---|
| | | | ജനറൽ | സ്പെഷ്യൽ | | | | |
| 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 |
| 1 | ശ്രീ.ജയചന്ദ്രൻ.എൻ<br>PEN No. 213316 | 25/04/1978 | SSLC | | MR II(2) 3998/01/2-1 dtd 10/11/2006 | 01/01/2007 | 01/01/2009 സാമൂഹ്യനീതി ഡയറക്ടറുടെ 15/10/2009 ലെ E8/27781/08 നമ്പർ നടപടിക്രമങ്ങൾ | |
| 2 | ശ്രീ.അനിൽ കുമാർ.റ്റി<br>PEN No. 494588 | 05/05/1970 | SSLC | | DTD (2) 3984/01 dtd 07/07/07 Dist.PSC, TVM | 06/08/2007 | 06/08/2009 സാമൂഹ്യനീതി ഡയറക്ടറുടെ 15/10/2009 ലെ E8/27781/08 നമ്പർ നടപടിക്രമങ്ങൾ | |
| 3 | ശ്രീ.തിലകൻ.സി<br>PEN No. 212440 | 02/03/1966 | SSLC | | AR (3) 3871/01-02 dtd 02/03/2005 | 03/05/2005 | 03/05/2007 സാമൂഹ്യനീതി ഡയറക്ടറുടെ 12/12/2007 ലെ E8/41263/07 നമ്പർ നടപടിക്രമങ്ങൾ | സാമൂഹ്യനീതി ഡയറക്ടറുടെ 25/06/10 ലെ E8/2396/10 നമ്പർ നടപടിക്രമങ്ങൾ പ്രകാരം അന്തർ ജില്ലാസ്ഥലംമാറ്റം ലഭിച്ച് 15/07/2010 ൽ ജോലിയിൽ പ്രവേശിച്ചു. |
| 4 | ശ്രീ.വി.ചന്ദ്രബാബു<br>PEN No. 212096 | 15/04/1965 | 9th Standard | | സാമൂഹ്യനീതി ഡയറക്ടറുടെ 28/09/2004 ലെ E8/33371/03 നമ്പർ നടപടിക്രമങ്ങൾ | 18/10/2004 | 18/10/2006 സാമൂഹ്യനീതി ഡയറക്ടറുടെ 14/02/08 ലെ E8/4332/08 നമ്പർ നടപടിക്രമങ്ങൾ | സാമൂഹ്യനീതി ഡയറക്ടറുടെ 02/12/10 ലെ E8/2386/10 നമ്പർ നടപടിക്രമങ്ങൾ പ്രകാരം അന്തർ ജില്ലാസ്ഥലംമാറ്റം ലഭിച്ച് 05/01/2011 ൽ ജോലിയിൽ പ്രവേശിച്ചു. |
| 5 | ശ്രീ.അജി കുമാർ.ജി<br>PEN No. 638275 | 28/05/1974 | SSLC | | QR II(3) 2718/05(8) dtd 30/03/2011 Dist.PSC, KLM | 15/06/2011 | 15/06/2013 സാമൂഹ്യനീതി ഡയറക്ടറുടെ 07/02/2014 | സാമൂഹ്യനീതി ഡയറക്ടറുടെ E8/20766/16 dtd 23/06/2016 നടപടിക്രമങ്ങൾ പ്രകാരം |

| | | | | | | | | |
|---|---|---|---|---|---|---|---|---|
| | | | | | | | ലെ E8/4276/14 നമ്പർ നടപടിക്രമങ്ങൾ | അന്തർ ജില്ലാസ്ഥലംമാറ്റം ലഭിച്ച് 01/07/2016 ൽ ജോലിയിൽ പ്രവേശിച്ചു. |
| 6 | ശ്രീ.ജോഷിന്ത്.വി.പി<br>PEN No. 780851 | 14/03/1983 | PDC, KGTE Type Eng.,Mal (L) | | WR II(3) 3786/06(2) dtd 21/07/2016 | 17/08/2016 | 17/08/2018 സാമൂഹ്യനീതി ഡയറക്ടറുടെ 17/10/2018 ലെ E6-12070/18 നമ്പർ നടപടിക്രമങ്ങൾ | |
| 7 | ശ്രീ.ശിവദാസൻ.കെ<br>PEN No. 793689 | 27/07/1981 | Plus Two | | P II (1) 4146/13 -5 dtd 11/11/2016 | 24/01/2017 | 24/01/2019 സാമൂഹ്യനീതി ഡയറക്ടറുടെ 17/10/2018 ലെ E6-12070/18 നമ്പർ നടപടിക്രമങ്ങൾ | |
| 8 | ശ്രീ.ബിജ്ജലാൽ.എസ്.ജെ<br>PEN No. 832924 | 21/05/1981 | SSLC | | DTD (2) 4135/2014 dtd 16/03/2018 Dist.PSC TVM | 23/04/2018 | പ്രൊബേഷൻ കാലയളവ് പൂർത്തീകരിച്ചതായി പ്രഖ്യാപിച്ചിട്ടില്ല. | |
| 9 | ശ്രീ.ജോമോൻ ജോർജ്ജ്<br>PEN No. 842388 | 12/09/1984 | BA | | IDB (2) 2418/14 (2) dtd 18/07/2018 of KPSC, IDK | 30/08/2018 | പ്രൊബേഷൻ കാലയളവ് പൂർത്തീകരിച്ചിട്ടില്ല. | |
| 10 | ശ്രീ.സുരേഷ് ബാബു.എം<br>PEN No. 797405 | 15/05/1977 | SSLC | | സാമൂഹ്യനീതി ഡയറക്ടറുടെ 09/10/2018 ലെ E6-12747/18 നമ്പർ നടപടിക്രമങ്ങൾ | 24/10/2018 | പ്രൊബേഷൻ കാലയളവ് പൂർത്തീകരിച്ചിട്ടില്ല. | അന്തർ വകുപ്പ് സ്ഥലംമാറ്റം |

സാമൂഹ്യനീതി ഡയറക്ടർ